(ബി)&(സി) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി കൂടുതൽ പുതിയ ബസുകൾ നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നു. 'ഹഡ്കോ' ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കി 1500 പുതിയ ബസുകൾ 2000 വർഷം നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. വിവിധ വർക്കുഷാപ്പുകളിൽ പല തരത്തിലുള്ള റിപ്പയർ ജോലികൾക്കായി 344 ബസുകൾ പിടിച്ചിട്ടുണ്ട്. ഇവ സമയബന്ധിതമായി നിരത്തിലിറക്കുന്നതാണ്. കൂടാതെ സ്പെയർ പാർട്സുകൾ ലഭ്യമാകാത്തതിനാൽ വർക്കുഷോപ്പുകളിൽ കിടക്കുന്ന ബസുകളും ഉടൻതന്നെ നിരത്തിലിറക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. ദേശസാൽകൃത മേഖലയിലേയും വരുമാനം കൂടുതൽ ലഭിക്കുന്ന മേഖലയിലേയും സർവ്വീസുകൾ മുടക്കം കൂടാതെ ഓടിക്കുവാൻ നടപടികൾ എടുത്തിട്ടുണ്ട്. 'ബസ് ക്രൂ മാരേജ്' പദ്ധതി ഏർപ്പെടുത്തിയതുമൂലം ബസുകളുടെ കൃത്യനിഷ്ഠ പാലിക്കുവാൻ കഴിയുന്നുണ്ട്. 'ഹഡ്കോ' തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന വായ്പ ഉപയോഗിച്ച് കൂടുതൽ പുതിയ ബസുകൾ നിരത്തിലിറക്കുന്നതാണ്. വരുമാനച്ചോർച്ച തടയുവാൻ ലൈൻ ഇൻസ്പെക്ടർ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തി. കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള അനുയോജ്യമായ സ്ഥലങ്ങളിൽ ഓഫീസ്-കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. തിരുവനന്തപുരം സെൻട്രലിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ബസ്സ്റ്റേഷനും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കണ്ണൂർ, കാസർകോട്, അങ്കമാലി, പേരൂർക്കട എന്നീ സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും യാത്രക്കാരോടുള്ള പെരുമാറ്റത്തിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനുമായി കെ.എസ്.ആർ.ടി.സിയുടെ സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ സമഗ്രമായ പരിശീലന പരിപാടികൾ നടത്തിവരുന്നു. പൊതുജനങ്ങളോട് ഏറ്റവും കൂടുതൽ ഇടപെടുന്ന ഡ്രൈവർ, കണ്ടക്ടർ വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാർക്ക് സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽവച്ച് പരിശീലനം നൽകുന്നുണ്ട്. ഐ.എം.ജി പോലുള്ള സ്ഥാപനങ്ങളിൽനിന്നുമുള്ള വിദഗ്ദ്ധരേയും പോലീസ് ഉദ്യോഗസ്ഥരേയും മനഃശാസ്ത്രജ്ഞരേയും മറ്റും ഉൾപ്പെടുത്തി ക്ലാസ് എടുപ്പിക്കുന്നുണ്ട്.

(ജി) കിട്ടാക്കടമെന്നു പറയാനാവില്ലെങ്കിലും 'ബാഡ് ആന്റ് ഡൗട്ട്ഫുൾ ഡെപ്റ്റ്' എന്ന ശീർഷകത്തിൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം 3/99-ലെ കണക്ക് അനുസരിച്ച് 13,94,113/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(എച്ച്) ഇതു ലഭ്യമാക്കുന്നതിനുള്ള കത്തിടപാടുകൾ നടത്തിവരുന്നു.

സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടികൾ

24 (*384) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, വിവിധ സൊസൈറ്റികൾ, സ്വകാര്യ ചിട്ടി സ്ഥാപനങ്ങൾ തുടങ്ങിയ വിഭാഗത്തിൽ ഓരോന്നും എത്ര ചിട്ടികൾവീതം നടത്തുന്നുണ്ട്; അവയ്ക്കുള്ള സ.ല. എത്ര യാണ്;

(ബി) സംസ്ഥാനത്ത് എത്ര കോടി രൂപയുടെ ചിട്ടികൾ രജിസ്റ്റർ ചെയ്തു നടത്തിവരുന്നുണ്ട്;

(സി) കെ.എസ്.എഫ്.ഇ. സൊസൈറ്റികൾ സ്വകാര്യ ചിട്ടികൾ എന്നിവയ്ക്ക് ഒരു പ്രാവശ്യം തുടങ്ങാവുന്ന ചിട്ടികളുടെ സലയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഓരോ വിഭാഗത്തിലുമുള്ള സല എത്രയാണ്;

(ഇ) സൊസൈറ്റികൾ ചിട്ടി എന്ന പേരിന് പകരമായി എം.ഡി.എസ്. സ്കീം എന്ന പേരിൽ ലക്ഷക്കണത്തിന് സലയുള്ള ചിട്ടികൾ നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)ഇതുമൂലം രജിസ്ട്രേഷൻ ഡിപ്പോസിറ്റ് ഇനങ്ങളിൽ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം സർക്കാരിന് സംഭവിച്ചുകൊണ്ടിരിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) സ്വകാര്യ ചിട്ടികൾക്ക് ഒരു പ്രാവശ്യം തുടങ്ങാവുന്ന ചിട്ടിയുടെ പരിധി എത്രയാണ്;

(എച്ച്) സ്വകാര്യ ചിട്ടികൾക്ക് സല വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് നിയമസഭാ കമ്മിറ്റി നൽകിയിട്ടുള്ള ശുപാർശകൾ എന്തെല്ലാമാണ്, അവയിൽ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ട്;

(ഐ) നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണ് എന്ന് വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ 30000/- രൂപ മുതൽ 10 ലക്ഷം രൂപവരെ സലയുള്ള 9227 ചിട്ടികൾ നടത്തിവരുന്നു. സൊസൈറ്റികൾ സ്വകാര്യചിട്ടി സ്ഥാപനങ്ങൾ എന്നിവയെ സംബന്ധിച്ച വിശദാംശം ശേഖരിച്ചുനൽകുന്നതാണ്.

(ബി) കെ.എസ്.എഫ്.ഇ.യിൽ 92 കോടി രൂപയുടെ ചിട്ടികൾ നടത്തിവരുന്നു. സൊസൈറ്റികൾ സ്വകാര്യ ചിട്ടി സ്ഥാപനങ്ങൾ എന്നിവ രജിസ്റ്റർ ചെയ്ത ചിട്ടികൾ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി)&(ഡി) സൊസൈറ്റികൾക്കും സ്വകാര്യ ചിട്ടികൾക്കും 25,000./- രൂപയും 1949-ലെ ബാങ്കിംഗ് റഗുലേഷൻസ് ആക്ട് പ്രകാരം ചിട്ടി രജിസ്റ്റർ ചെയ്തു നടത്തുന്ന കമ്പനികൾക്ക് രണ്ടുലക്ഷം രൂപയും ആണ് പരിധി. സർക്കാരിന്റെ അധീനതയിലുള്ള കെ.എസ്.എഫ്.ഇയ്ക്ക് ചിട്ടി രജിസ്റ്റർ ചെയ്തു നടത്തുന്നതിന് സലയ്ക്ക് പരിധി നിശ്ചയിച്ചിട്ടില്ല.

(ഇ)&(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) 25,000/- രൂപയാണ്.

(എച്ച്)&(ഐ) സ്വകാര്യ കമ്പനികളോ വ്യക്തികളോ നടത്തുന്ന ചിട്ടിക ളുടെ പരിധി 25000/- രൂപയിൽ നിന്നുയർത്തി ഒരു ലക്ഷം രൂപയാക്കണ മെന്നും ആസ്തിയുടെ 50% തുകയ്ക്ക് തുല്യമായ ചിട്ടിയേ നടത്താൻ പാടുള്ളൂ എന്നത് ആസ്തിയ്ക്ക് തുല്യമായ ചിട്ടി നടത്താം എന്നും ഭേദഗതി ചെയ്യാനാണ് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നത്. കരട് ചിട്ടി നിയമം സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യുകയും സമഗ്രമായ ചർച്ചയ്ക്ക് മാറ്റിവച്ചിരിക്കു കയുമാണ്.

ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം

25 (*385) ശ്രീ. പി. വിശ്വൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം അടി ക്കടി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും എന്തെ ങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ ഫോറസ്റ്റ് സ്റ്റേഷനുകളിലാണ് ഇപ്രകാരം പോരായ്മകൾ പരിഹരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഫോറസ്റ്റ് സ്റ്റേഷനുകളിൽ എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിച്ചതെന്ന് വ്യക്ത മാക്കുമോ;

(എഫ്) സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കേ ണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാ ക്കുമോ;

(ജി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവി ലുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ)&(ബി) വിവിധ തലങ്ങളിലുള്ള പ്രതിമാസ മീറ്റിംഗുകളിലൂടെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം അവലോകനം ചെയ്യപ്പെടാറുണ്ട്. വനം വിജിലൻസ് വിഭാഗവും വനംവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ഔദ്യോഗിക യാത്രകൾക്കിടയിൽ സ്റ്റേഷനുകൾ നേരിട്ടു പരിശോധിക്കുകയും സ്റ്റേഷൻ പ്രവർത്തനം അവലോകനം ചെയ്യുകയും പ്രവർത്തനം കുറ്റമറ്റതാ ക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly